# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം 4258

25.06.2014 ലെ മറുപടിക്ക്

### വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ് ; | എ) ടൂറിസം മേഖലയുടെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തി ഈ മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി ബൃഹത്തും നവീനവുമായുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. അടിസ്ഥാന സൗകര്യവികസനത്തിനും പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനുമാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ ദേശീയ അന്തർദ്ദേശീയ ടൂറിസം മാർക്കറ്റുകളിൽ വിപണനം ചെയ്ത് ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിന് താഴെ പറയും പ്രകാരമുള്ള പരിപാടികൾ നടപ്പാക്കുന്നു.<br>• അന്താരാഷ്ട്ര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര ടൂറിസം വ്യാപാരമേളകളിലും, റോഡ് ഷോകളിലും പങ്കെടുക്കുന്നു.<br>• ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ ടൂറിസം വ്യാപാര മേളകളിലും, റോഡ് ഷോകളിലും പങ്കെടുക്കുന്നു.<br>• കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾബ്രാന്റിംഗ്, എയർപോർട്ടുകളിൽ എയർപോർട്ട് ഡിസ്പ്ലേ, മിഡിൽ |

(..........2)

ഈസ്റ്റ് രാജ്യങ്ങളിൽ കാമ്പയിൻ, കേരളത്തിന്റെ ടൂറിസം ഉൽപ്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ.

- സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവ സംഘടിപ്പിക്കുന്നു.
- മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക്വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ ദൃശ്യ-ശ്രാവ്യ-മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് എന്നിവ വഴി നടപ്പാക്കുന്നു.
- വിവിധ ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയ / ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങിയ നൂതന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

ബി) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

ബി) കേരളത്തിലെ ഏറ്റവും ആകർഷകമായ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സർവ്വതോന്മുഖമായ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കി ആ കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി അന്തർദ്ദേശീയ-ദേശീയ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഫോർട്ട് കൊച്ചി വികസന പദ്ധതി, കോവളം-പൂവ്വാർ ടൂറിസം കോറിഡോർ വികസന പദ്ധതി തുടങ്ങി 30 വർഷത്തേക്കുള്ള മാസ്റ്റർപ്ലാൻ പദ്ധതികളാണ് ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ അഷ്ടമുടി (കൊല്ലം), ഗോൾഡൻ വാലി (തിരുവനന്തപുരം), കക്കയം - പെരുവണ്ണാമൂഴി (കോഴിക്കോട്), കാലടി - മലയാറ്റൂർ - ആതിരപ്പള്ളി ടൂറിസം സർക്യൂട്ട് പദ്ധതി, നിലമ്പൂർ വികസന പദ്ധതി തുടങ്ങിയ മാസ്റ്റർപ്ലാനുകളും ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(..........3)

കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനും അതിലൂടെ കേരളത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള കർമ്മപരിപാടികളാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സർക്കാർ ഗസ്റ്റ് ഹൗസുകളിൽ കൂടുതൽ ബ്ലോക്കുകൾ നിർമ്മിച്ച് താമസ സൗകര്യമുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുമോ ? | സി) | ഇപ്പോൾ പൊൻമുടി ഗസ്റ്റ് ഹൗസിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് ഗസ്റ്റ്ഹൗസുകളിൽ കൂടുതൽ ബ്ലോക്കുകൾ പണിയണമെന്ന ആവശ്യമുയർന്നാൽ അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ